## സ്പാനിഷ്-ഇംഗ്ലീഷ് ലീഗ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം

# കളമുണരുന്നു; ഇനി കാൽപന്തു കാലം



ബാഴ്സലോണ ക്യാപ്റ്റൻ കാർലോസ് പുയോളും ടീമംഗം ജോർഡി ആൽബയും പരിശീലനത്തിൽ

ലണ്ടൻ: യൂറോപ്യൻ വൻകരയുടെ ഫുട്ബാൾ ഉത്സവമായ യുറോകപ്പും 17 രാവുകൾ ലണ്ടനെ പൂരപ്പറമ്പാക്കിയ ഒളിമ്പിക്സും കഴിഞ്ഞു. ഇനി ലോകത്തെ സൂപ്പർതാരങ്ങളും ക്ലബുകളും മാറ്റുരക്കുന്ന വാരാന്ത്യ ഫുട്ബാളിൻെറ പോരാട്ടത്തിൻെറ ദിനങ്ങൾ. ലോകമെങ്ങുമായി ഏറെആരാധകരുള്ള ഇംഗ്ലീഷ് -സ്പാനിഷ് ലീഗ് ഫുട്ബാൾ മത്സരങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കും. താരങ്ങളുടെ കൂടുമാറ്റവും, ചാമ്പ്യന്മാരുടെ ആത്മവിശ്വാസവും തിരിച്ചടിയേറ്റവരുടെ കണ്ണീരിനുമിടയിലാണ് ഫുട്ബാൾ ലീഗുകളുടെ പുതു സീസണിന് തുടക്കം കുറിക്കുന്നത്. സ്പാനിഷ്-ഇംഗ്ലീഷ് ലീഗിന് ഇന്ന് തുടക്കം കുറിക്കുമ്പോൾ ഇറ്റാലിയൻ സിരി എക്ക് ഈ മാസം 25നും ജർമൻ ബുണ്ടസ് ലീഗ ഈ മാസം 24നും കിക്കോഫ് കുറിക്കും.

ഒളിമ്പിക്സിൻെറ തിരയിളക്കം കഴിഞ്ഞ ഇംഗ്ലണ്ടിലാണ് ആവേശച്ചൂടാറും മുമ്പ് ഇംഗ്ലീഷ് പ്രീമിയർ ലീഗിന് കൊടിയേറുന്നത്. വർഷങ്ങൾ നീണ്ട തയാറെടുപ്പിനൊടുവിൽ ആതിഥേയത്വമൊരുക്കിയ ഒളിമ്പിക്സ് വിജയകരമായി പര്യവസാനിച്ചപ്പോൾ വർധിത ആത്മവിശ്വാസത്തോടെയാണ് ഇംഗ്ലീഷ് മണ്ണ് ഫുട്ബാളിൻെറ വാരാന്ത്യ പോരാട്ടങ്ങളുടെ നാളുകൾക്കായി ഒരുങ്ങുന്നത്.

### കളി മാഞ്ചസ്റ്ററിൽ

മാഞ്ചസ്റ്ററിലെ ഇരട്ടകളായ യുണൈറ്റഡും സിറ്റിയും തന്നെയാണ് ഇംഗ്ലണ്ടിൽ വാതുവെപ്പുകാരുടെ ഇഷ്ടക്കാർ. ഇവർക്കിടയിൽ ചാമ്പ്യൻസ് ലീഗ് ജേതാക്കളായ ചെൽസിയുമുണ്ട്. കഴിഞ്ഞ സീസണിലെ സ്വപ്ന കുതിപ്പിനൊടുവിൽ ഫോട്ടോഫിനിഷിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെ മലർത്തിയടിച്ച് 44 വർഷത്തിനു ശേഷം ഇംഗ്ലീഷ് പ്രീമിയർ ലീഗ് ചാമ്പ്യന്മാരായ മാഞ്ചസ്റ്റർ സിറ്റിയും യൂറോപ്യൻ ചാമ്പ്യൻ പട്ടം സ്വന്തമാക്കിയ ചെൽസിയുമാണ് പന്തുരുളും മുമ്പ് ഫേവറിറ്റുകൾ. കഴിഞ്ഞ സീസണിൽ യുണൈറ്റഡും സിറ്റിയും 89 പോയൻറുമായി ഒപ്പത്തിനൊപ്പമെത്തിയപ്പോൾ ഗോൾ ശരാശരിയായിരുന്ന സിറ്റിക്ക് ചരിത്ര കിരീടം സമ്മാനിച്ചത്. മൂന്നാം സ്ഥാനത്തെത്തിയ ആഴ്സനലും ഉജ്ജ്വല പ്രകടനം കാഴ്ചവെച്ചു. ടോട്ടൻഹാം ഹോട്സ്പർ നാലും ന്യൂകാസിൽ യുണൈറ്റഡ് അഞ്ചും സ്ഥാനത്തായിരുന്നു. ആറാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ട് നാണംകെട്ട ചെൽസി പുതിയ കോച്ച് ഡി മാറ്റിയോക്കു കീഴിൽ ചാമ്പ്യൻസ് ലീഗ് കിരീടമണിഞ്ഞാണ് തടിരക്ഷപ്പെടുത്തിയത്. ബോൾട്ടൻ വാൻഡേഴ്സ്, ഇന്ത്യൻ ഉടമസ്ഥരുടെ ബ്ലാക് ബേൺ റോവേഴ്സ്, വോൾവർഹാംപ്റ്റർ വാൻഡേഴ്സ് എന്നിവരെ തരം താഴ്ത്തിയപ്പോൾ റീഡിങ്, സൗതാംപ്ടൻ, വെസ്റ്റ്ഹാം യുണൈറ്റഡ് എന്നിവർ സ്ഥാനക്കയറ്റം ലഭിച്ച് ഇത്തവണ 20 ടീമുകൾ അംഗമായി മത്സരിക്കും.

ചെൽസിയിൽനിന്ന് ദിദിയർ ദ്രോഗ്ബ ചൈനീസ് ലീഗിൽ കളിക്കനെത്തിയപ്പോൾ ആഴ്സനലിൻെറ ഗോളടി യന്ത്രം റോബിൻ വാൻപേഴ്സി മാഞ്ചസ്റ്റർ യുണൈറ്റഡിലെത്തിയതാണ് പുതു സീസണിനു മുമ്പത്തെ ശ്രദ്ധേയ കൂടുമാറ്റങ്ങൾ. 30 ഗോളുകൾ നേടിയ വാൻപേഴ്സി കഴിഞ്ഞ സീസണിൽ ലീഗിലെ ടോപ് സ്കോറർ ആയിരുന്നു. ഇതിനൊപ്പം ദീർഘകാലത്തെ പരിക്കും ചികിത്സയും കഴിഞ്ഞെത്തുന്ന സെൻട്രൽ ഡിഫൻഡർ നെമാഞ്ച വിദികിൻെറ സാന്നിധ്യം കോച്ച് അലക്സ് ഫെർഗൂസന് ആവേശം നൽകും.

അറേബ്യൻ എണ്ണപ്പണം എറിഞ്ഞ് മുമ്പ് ഒട്ടേറെ സൂപ്പർതാരങ്ങളെ സ്വന്തമാക്കിയ സിറ്റിയും കോച്ച് മാൻസീനിയും ഇക്കുറി ചെലവ് നിയന്ത്രിച്ചാണ് ഇറങ്ങിയത്. അഞ്ചുവർഷത്തേക്ക് കൂടി മാൻസീനി ഇപ്പോൾ ക്ലബ്ബുമായി കരാറിലെത്തികഴിഞ്ഞു. ഇംഗ്ലണ്ട് മിഡ്ഫീൽഡർ ജാക് റോഡ്വെല്ലിനെ 12 ദശലക്ഷം പൗണ്ട് നൽകിയാണ് ടീമിലെത്തിച്ചത്. കമ്യൂണിറ്റി ഷീൽഡ് കപ്പിൽ ചെൽസിയെ 3-2ന് കീഴടക്കിയാണ് സിറ്റി പുതു സീസണിൽ കിരീടപോരാട്ടത്തിന് തുടക്കം കുറിക്കുന്നത്.

അതേസമയം, ചാമ്പ്യൻസ് ലീഗ് കിരീടമണിഞ്ഞതിൻെറ ആവേശത്തിലാണ് ചെൽസിയുടെ ഒരുക്കം. താൽക്കാലിക കോച്ചായി സ്ഥാനമേറ്റെടുത്ത് ചെൽസിയുടെ നല്ലകാലം തെളിയിച്ചുകൊടുത്ത റോബർട്ടോ ഡി മറ്റിയോവിനെ ക്ലബ് ഉടമ റൊമാൻ അബ്രമോവിച്ചിന് ഏറെ ബോധ്യപ്പെട്ടു. ഫ്രഞ്ച് പ്ലേമേക്കർ ഇഡൻ ഹസാർഡിൻെറ വരവാണ് ചെൽസി നിരയിലെ ശ്രദ്ധേയമായ പുതുതിളക്കം. വാൻപേഴ്സിയുടെ കൂടുമാറ്റം മുൻനിരയിലുണ്ടാക്കിയ ഒഴിവു നികത്താനുള്ള ശ്രമത്തിലാണ് ആഴ്സനൽ. ജർമനിയുടെ ലൂകാസ് പൊഡോൾസ്കി, ഫ്രാൻസിൻെറ ഒലിവിയർ ജീറൂഡ്, സ്പെയ്നിൻെറ സാൻറി കാസോർള എന്നിവരാണ് ആഴ്സനൽ നിരയിലെത്തിയത്. ചെൽസിയിൽനിന്ന് പുറത്താക്കപ്പെട്ട കോച്ച് ആന്ദ്രെ വിയ്യ ബൊയാസിനു കീഴിലാണ് ടോട്ടൻഹാമിൻെറ പടയൊരുക്കം.

### ബാഴ്സയോ റയലോ?

സ്പെയിനിൽ പുതുസീസണിന് പന്തുരുണ്ട് തുടങ്ങുമ്പോൾ ആരാധകരുടെ ചോദ്യങ്ങൾക്ക് മാറ്റമില്ല. 21 തവണ ലാ ലീഗ ചാമ്പ്യന്മാരായ ബാഴ്സലോണയോ, അതോ 32 തവണ കിരീടമുയർത്തിയ റയൽമഡ്രിഡോ?. പെപ് ഗ്വാർഡിയോളക്കു കീഴിൽ തുടർച്ചയായി മൂന്ന് തവണ ലീഗ് ചാമ്പ്യന്മാരായ ബാഴ്സയെ പിന്തള്ളി കഴിഞ്ഞ സീസണിലാണ് ജോസ് മൗറിന്യോയുടെ റയൽ മഡ്രിഡ് തിരിച്ചെത്തിയത്. എന്നാൽ, ഇക്കുറി ബാഴ്സി പുതിയ കോച്ചിനു കീഴിലാണ് കളത്തിലിറങ്ങുന്നത്. ടീമിന് ഒട്ടേറെ വിജയങ്ങൾ സമ്മാനിച്ച ഗ്വാർഡിയോളയിൽനിന്നും ചുമതല ഏറ്റെടുക്കുമ്പോൾ മുൻ അസിസ്റ്റൻറ് കോച്ച് കൂടിയായിരുന്ന ടിറ്റോ വിലാനോവക്കു മുന്നിലെ വെല്ലുവിളിയും ജോസ് മൗറിന്യോയെ എങ്ങനെ നേരിടുമെന്നത് മാത്രം. വലൻസിയൻ താരം ജോർഡി ആൽബ കാംപ് നൂവിൽ എത്തിയത് മാത്രമാണ് ഇക്കുറി ബാഴ്സലോണ നിരയിലെ പ്രധാന വിശേഷം. ശേഷിക്കുന്നവരെല്ലാം ലയണൽ മെസ്സിക്കൊപ്പമുള്ള പഴയ നിര. ആഴ്സനൽ മിഡ്ഫീൽഡർ അലക്സ് സോംങ്ങയുമായി ഏതാണ്ട് ധാരണയാക്കിയ ബാഴ്സ യുറുഗ്വാസ് സെൻറർ ബാക് ഡിഗായോ ഗോഡിനുവേണ്ടിയും ശ്രമിക്കുന്നുണ്ട്. ടോട്ടൻഹാം ഹോട്സ്പറിൻെറ ക്രൊയേഷ്യൻ മിഡ്ഫീൽഡർ ലൂകാ മോദ്രികിനു വേണ്ടി റയൽ കൊണ്ടുപിടിച്ച ശ്രമത്തിലാണ്. കഴിഞ്ഞ സീസണിൽ റയൽ 100 പോയൻറിലെത്തിയാണ് ചാമ്പ്യൻ പട്ടം തിരിച്ചുപിടിച്ചതെങ്കിൽ രണ്ടാം സ്ഥാനത്തുള്ള ബാഴ്സ 91 പോയൻറുമായി ഏറെ പിന്നിലായിരുന്നു.

**ടെലിവിഷനിൽ ഇന്ന്**

ഇംഗ്ലീഷ് പ്രീമിയർ ലീഗ്

ESPN

വൈകീട്ട് 7.25 മുതൽ
വെസ്റ്റ് ബ്രോംവിച് x ലിവർപൂൾ

രാത്രി 9.55 മുതൽ
ന്യൂകാസിൽ x ടോട്ടൻഹാം

STAR SPORTS

വൈകീട്ട് 7.25 മുതൽ
ആഴ്സനൽxസണ്ടർലൻഡ്

---

## ലണ്ടൻ ഒരുപാട് പഠിപ്പിച്ചു -പി.ടി. ഉഷ

കാരൂർ സോമൻ, ലണ്ടൻ

പിലാവുള്ളകണ്ടി തെക്കേപ്പറമ്പിൽ ഉഷ, അഥവാ പി.ടി. ഉഷ. ഇന്ത്യകണ്ട എക്കാലത്തെയും മികച്ച ഓട്ടക്കാരി. 1984ൽ പത്മശ്രീയും അർജുന അവാർഡും. ഇപ്പോൾ ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സുമായി പരിശീലനരംഗത്ത് സജീവം. 1985ലും 1986ലും ലോക അത്ലറ്റിക്സിലെ മികച്ച പത്തു താരങ്ങളിൽ ഒരാൾ. അതിനു മുമ്പോ പിമ്പോ ഇന്ത്യയിൽ നിന്നൊരാളും ഈ ലിസ്റ്റിൽ ഇടംനേടിയിട്ടില്ല.

1984ൽ ലോസ് ആഞ്ജലസിൽ 400 മീറ്റർ ഹർഡിൽസിൽ 55.42 സെക്കൻഡിൽ ഫിനിഷ് ചെയ്ത് നാലാമതെത്തിയ ഉഷക്ക് വെങ്കലമെഡൽ നഷ്ടമായത് തലനാരിഴക്ക്. ഇന്ത്യൻ അത്ലറ്റിക് ചരിത്രത്തിലെ ഏറ്റവും നൊമ്പരപ്പെടുത്തിയ നിമിഷം. 1992ൽ ബാഴ്സലോണ ഒളിമ്പിക്സ് ഒഴിച്ച് 1980 മുതൽ 1996 വരെ എല്ലാ ഒളിമ്പിക്സ് മത്സരത്തിലും പങ്കെടുത്തെങ്കിലും സെക്കൻഡിൻെറ വില ഇന്നും ഉഷയുടെ മനസ്സിലെ നൊമ്പരമാണ്.

ലണ്ടൻ ഒളിമ്പിക്സ് വിലേജിലെ സ്ട്രാറ്റ്ഫോഡ് സ്റ്റേഡിയത്തിനു സമീപമുള്ള പാംഗ്രോവ് ഹോട്ടലിൽവെച്ചാണ് ഉഷയെ കണ്ടത്. ഒപ്പം ശിഷ്യ ടിൻറു ലൂക്കയുമുണ്ട്. മെഡൽ നേടാനായില്ലെങ്കിലും ലണ്ടൻ ഒളിമ്പിക്സിൽ ടിൻറു കാഴ്ചവെച്ച ട്രാക്കിലെ പ്രകടനത്തിൻെറ സംതൃപ്തി ഉഷയുടെ കണ്ണുകളിൽ കാണാം. കേരളത്തിൽ നിന്നെത്തിയ മറ്റു കായികതാരങ്ങളും ഉഷക്കൊപ്പമുണ്ടായിരുന്നു. ഏതാനും സമയം അവരോടൊപ്പം ചെലവഴിച്ചു.

ഉഷയുമായി നടത്തിയ സംഭാഷണത്തിൽനിന്ന്.

*? നമ്മുടെ കായികതാരങ്ങൾക്ക് ലോകോത്തര വേദികളിൽ എന്താണ് സംഭവിക്കുന്നത്?*

● അതിന് ഉത്തരം പറയേണ്ടത് നമ്മുടെ ഭരണകൂടങ്ങളാണ്. ഓരോരോ രാജ്യക്കാർ, അവരുടെ താരങ്ങൾക്കായി കോടിക്കണക്കിനു രൂപയാണ് ചെലവിടുന്നത്. എന്നാൽ, നമ്മുടെ കായികമന്ത്രാലയങ്ങളുടെ സമീപനം എന്താണെന്ന് ഒന്നാലോചിച്ചുനോക്കൂ. കേരളത്തിലെ ഇന്നുവരെയുള്ള കായികചരിത്രം പരിശോധിക്കുന്ന ആർക്കും അതു മനസ്സിലാകും. കായികതാരങ്ങൾക്ക് പേരിനായി എന്തെങ്കിലും ചെയ്ത് ഉന്തിത്തള്ളി വിടുന്നതിനേക്കാൾ അവർക്ക് പരിപൂർണ സഹായങ്ങളും ആധുനിക പരിശീലനക്കളരികളുമുണ്ടാകണം. ലോകോത്തര വേദികളിൽ കായികതാരങ്ങൾക്ക് നല്ല സമീപനങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചാൽ നമ്മുടെ കുട്ടികൾ ഒളിമ്പിക് മെഡൽ നേടും.

*? റിയോ ഡെ ജനീറോയിൽ 2016ൽ നമുക്ക് ഒരു ഒളിമ്പിക്സ് അത്ലറ്റിക് മെഡൽ പ്രതീക്ഷിക്കാമോ?*

● തീർച്ചയായും. സാധ്യതകൾ ധാരാളമാണ്. എന്നാൽ, അതിന് അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാവണം. കായിക മന്ത്രാലയം കണ്ണുതുറന്ന് കായികലോകത്തേക്ക് നോക്കണം. എന്തെല്ലാം തരത്തിലുള്ള ആധുനിക പരിശീലനക്കളരികളും അധ്യാപനമുറകളുമാണ് അവിടെ നടക്കുന്നത്. ഈ മെഡൽ നേടുന്ന താരങ്ങൾ അവർക്ക് പ്രിയപ്പെട്ടവരാണ്, അഭിമാനമാണ്.

*? പി.ടി. ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സ് ധാരാളം സഹായങ്ങൾ ഈ രംഗത്ത് ചെയ്തിട്ടില്ലേ?*

● സത്യത്തിൽ, സർക്കാർ മെഷിനറികളാണ് ഈ രംഗത്ത് ആദ്യം വരേണ്ടത്. എനിക്ക് സഹായിക്കാൻ കഴിയുന്നതിന് ഒരു പരിധിയില്ലേ? ഒന്നോ രണ്ടോ കുട്ടികളെ എൻെറ ചെലവിൽ ഞാൻ നോക്കാം. അതു മതിയോ? നമ്മുടെ സർക്കാർ ഇൻസ്റ്റിറ്റ്യൂഷൻസ് ഈ കാര്യത്തിൽ ഗൗരവമായി മറ്റു രാജ്യങ്ങളിലെ കായികസ്ഥാപനങ്ങളെ നോക്കി പഠിക്കണം. ഉസൈൻ ബോൾട്ടിൻെറ കുടുംബത്തെപ്പറ്റി അധികമാർക്കുമറിയില്ല. എന്നാൽ, അയാൾക്ക് ലഭിക്കുന്ന പരിശീലനത്തെപ്പറ്റി ലോകത്തെ കായികതാരങ്ങൾക്ക് എല്ലാമറിയാം. അതാണ് വ്യത്യാസം. ജമൈക്ക എന്നൊരു രാജ്യത്തുനിന്ന് ഒരു ഉസൈൻ ബോൾട്ട് മാത്രമല്ല, യൊഹാൻ ബ്ലെയ്ക് ഉൾപ്പെടെ എത്രയെത്ര താരങ്ങൾ. അതു മാത്രം കണ്ടു പഠിച്ചാൽ മതി, നാം എവിടെ നിൽക്കുന്നുവെന്നു തിരിച്ചറിയാൻ. നമുക്ക് ഒരു ടിൻറു ലൂക്ക മതിയോ? പോരാ. ഇതുപോലെ ധാരാളംപേർ വരണം. അവർക്ക് വഴിയും സാഹചര്യവുമുണ്ടാക്കേണ്ടത് നമ്മെ ഭരിക്കുന്നവരാകണം. നമ്മുടെ സമീപനം പലപ്പോഴും നെഗറ്റിവാണ്. അതു മാറി പോസിറ്റിവ് സമീപനം വന്നാൽ നമുക്ക് ഈ രംഗത്ത് ഇന്നുള്ളതിനേക്കാൾ വളരാൻ കഴിയും.

*? എന്തുകൊണ്ട് ഇന്ത്യൻ അത്ലറ്റുകൾ സാങ്കേതികമായി പിന്നാക്കം പോകുന്നു?*

● പിന്നാക്കത്തിന് കാരണം കുട്ടികളല്ല. കഴിവും സാമർഥ്യവുമുള്ള കായികതാരങ്ങൾ നമുക്കുണ്ട്. കായികരംഗത്തെപ്പറ്റി അറിവില്ലാത്തവർ കായികരംഗം വാഴാൻ ശ്രമിച്ചാൽ സാങ്കേതികമായി മാത്രമല്ല, അടിസ്ഥാനപരമായിതന്നെ നാം പിന്നാക്കം പോകും. ഇതു തിരിച്ചറിയണം.



*? നമ്മുടെ കായികമന്ത്രാലയങ്ങൾ ഇക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ?*

● ഞാൻ മത്സരരംഗത്തേക്കു വരുന്ന 1980നേക്കാൾ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയാം. എന്നാൽ, അതു കൊണ്ട് ഫലപ്രദമാണെന്നു പറയാനാകുമോ? കുട്ടികൾക്ക് സർക്കാറിൽനിന്നും ജനങ്ങളിൽനിന്നും നല്ല പിന്തുണ വേണം. മികച്ച സപ്പോർട്ട് കിട്ടിയാൽ നല്ല കുട്ടികളെ ഈ രംഗത്ത് വളർത്തിക്കൊണ്ടുവരാൻ കഴിയും. അതിനു ഒരു മാറ്റവുമില്ല. ഞാനെങ്ങനെ എൻെറ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നുവെന്ന ബുദ്ധിമുട്ട് ടിൻറുവിന് അറിയാം. സർക്കാറിൻെറ സമീപനം കുറെയെങ്കിലും പോസിറ്റിവ് ആയാൽ നല്ല ഫലം കിട്ടും. ഈ താരങ്ങളെക്കുറിച്ച് മനസ്സിലാക്കി, നല്ല പരിശീലനവും നല്ല ജോലിയും കുടുംബഭാരവുമൊക്കെ മാറ്റിയെടുത്താൽ അതിനു കഴിയും. പലപ്പോഴും നമ്മുടെ കുട്ടികൾ മാനസികമായി പിരിമുറുക്കം അനുഭവിക്കുന്നവരാണ്. ഇതിൻെറ കാരണങ്ങൾ കായികമന്ത്രാലയം ശ്രദ്ധിച്ചിട്ടുണ്ടോ?

*? എങ്ങനെയാവണം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അത്ലറ്റിനെ വാർത്തെടുക്കേണ്ടത്?*

● അത് അത്ര നിസ്സാരമായിട്ടുള്ള ഒരു കാര്യമല്ല. സ്കൂൾതലം മുതൽ ഒരു കുട്ടിയുടെ കഴിവിനെ തിരിച്ചറിയാനുള്ള അധ്യാപകർ ഉണ്ടാകണം. കഴിവുള്ളവരെ നാം പ്രോത്സാഹിപ്പിച്ചാൽ മെല്ലെ മെല്ലെ അവർ വളർന്നു കൊള്ളും. ഒപ്പം നമ്മൾ സപ്പോർട്ടായി പിന്നിലുണ്ടാകുകയും വേണം. കായികരംഗത്തേക്ക് വമ്പന്മാർ ഇങ്ങനെയാണ് ഒളിമ്പിക്സ് വരെ അവരെ എത്തിക്കുന്നത്.

*? ലണ്ടൻ ഒളിമ്പിക്സിൻെറ പശ്ചാത്തലത്തിൽ ടിൻറു ലൂക്കയുടെ പ്രകടനം എങ്ങനെ വിലയിരുത്തുന്നു?*

● ടിൻറുവിന് ഒളിമ്പിക്സിനു പങ്കെടുക്കാൻ പറ്റിയതുതന്നെ ഒരു മഹാഭാഗ്യമായി ഞാൻ കാണുന്നു. വെറും രണ്ടു മിനിറ്റിൽ താഴെ ടിൻറുവിന് ഫിനിഷ് ചെയ്യാൻ കഴിയുന്നു. ടിൻറുവിനു മാത്രമല്ല, ഈ രംഗത്തെ എല്ലാ കുട്ടികൾക്കും വേണ്ടുന്ന എല്ലാവിധ പരിശീലനങ്ങളുമുണ്ടെങ്കിൽ ടിൻറു ഇന്നുള്ളതിനേക്കാൾ നല്ല സ്കോർ ചെയ്യും. എന്നാൽ, ദയനീയമെന്നു പറയട്ടെ, നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലകരില്ല. ഫിസിയോ, സൈക്കോ അങ്ങനെ ശാരീരികക്ഷമതയും മാനസിക സമ്മർദവും ചെക് ചെയ്യാനോ നോക്കാനോ പോലും ആരുമില്ല. ഇപ്പോൾ ടിൻറുവിൻെറ കാര്യത്തിൽപോലും അതിനെല്ലാമുള്ളത് ഞാൻ മാത്രം. ഒരു ഭാഗത്ത് സാമ്പത്തികപ്രശ്നം. മറുഭാഗത്ത് ഇങ്ങനെയുള്ള മാനസികപ്രശ്നങ്ങൾ അനുഭവിച്ചുകൊണ്ടാണ് സ്കൂൾ നടത്തിക്കൊണ്ടു പോകുന്നത്. ഒരു കാര്യം അഭിമാനത്തോടെ പറയാൻ കഴിയും, കേരളത്തിൽ ഉഷ സ്കൂളിൻെറ നിലവാരം വളരെ മുന്നിലാണ്. ഒരു കുട്ടിയെ നല്ല രീതിയിൽ വളർത്തിയെടുത്താൽ ജനങ്ങൾ ശ്രദ്ധിക്കും. അതുവരെ തിരിഞ്ഞു നോക്കുകയില്ല. ഈ അവസ്ഥക്ക് മാറ്റംവരണം.

*? ഉഷ സ്കൂളിനെപ്പറ്റി ചില പരാതികൾ ഉണ്ടല്ലോ. കോടികൾ കൈപ്പറ്റുന്നു എന്നൊക്കെ?*

● ആർക്കാണ് കിംവദന്തികൾ പ്രചരിപ്പിക്കാൻ പ്രയാസം. 2002ൽ ഞാനിതു തുടങ്ങുമ്പോൾ വളരെക്കുറച്ച് കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. കോടികൾ പോയിട്ട് ഏതാനും ലക്ഷങ്ങൾ കിട്ടിയാൽ ഞാനിത് നന്നായി നടത്തിക്കൊണ്ടുപോകും. ഏതാനും നല്ല മനുഷ്യസ്നേഹികളുടെ സഹായത്താലാണ് ഇന്നുവരെ നടന്നു പോകുന്നത്. ഇനിയും എത്രനാൾ ഇങ്ങനെ തുടരുമെന്ന് എനിക്കറിയില്ല. അടച്ചുപൂട്ടേണ്ടിവരുമോ എന്നതാണ് ഇനിയുള്ള എൻെറ ഭയം.

*? ടിൻറുവിൻെറ മാതാപിതാക്കൾ മകളുടെ വളർച്ചയിൽ എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?*

● ഒരു നാടിൻെറ അഭിമാനമായ ടിൻറുവിൻെറ വീടൊന്ന് നോക്കൂ. ഒപ്പം എന്തും അഭിനയിക്കാനറിയാവുന്നവരുടെ വീടുകളും. അതാണ് ഞാൻ പറഞ്ഞത്, ഓരോ കുട്ടികളുടെ സാഹചര്യങ്ങളെ നാം പഠിക്കണം. അവരെ എല്ലാം ദുഃഖദുരിതങ്ങളിൽനിന്നുമകറ്റി മാനസികമായും ശാരീരികമായും നാം വളർത്തണം. അവളുടെ മാതാപിതാക്കൾ വെറും നിഷ്കളങ്കരാണ്. അവൾക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നുണ്ട് എന്നു മാത്രം പറയാനുള്ള കരുത്തു മാത്രമേ അവർക്കുള്ളൂ.

*? ലണ്ടൻ ഒളിമ്പിക്സിനെ എങ്ങനെ വിലയിരുത്തുന്നു?*

● ഓരോ കായികമാമാങ്കവും സമ്മാനിക്കുന്നത് ഓരോ അറിവാണ്. ആ അർഥത്തിൽ ലണ്ടൻ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. അതൊക്കെ ശീലിക്കാനും ശീലിപ്പിക്കാനും കഴിഞ്ഞാൽ ബ്രസീലിൽനിന്ന് നമുക്ക് ഒരു മെഡൽ നേടിയെടുക്കാനാകും. ഞങ്ങൾ വന്നിറങ്ങുമ്പോൾ മഴയുണ്ടായിരുന്നു. എന്നാൽ, പിന്നീട് നല്ല ചൂടായി. ട്രാക് ഇവൻറുകളെ മഴ നനയിക്കാതിരുന്നതും നന്നായി. എന്തായാലും, ലണ്ടൻ ഒളിമ്പിക്സ് അവിസ്മരണീയവും പുതിയൊരു അനുഭവവും സമ്മാനിക്കുന്നതായി. എല്ലാത്തിനും നന്ദി.

---



*ഇന്ത്യയുടെ ഒളിമ്പിക്സ് മെഡൽ ജേതാക്കൾ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്, യു.പി.എ അധ്യക്ഷ സോണിയ ഗാന്ധി, കായിക മന്ത്രി അജയ് മാക്കൻ എന്നിവർക്കൊപ്പം*

## ഒളിമ്പിക് ജേതാക്കൾ പ്രധാനമന്ത്രിയെ സന്ദർശിച്ചു

ന്യൂദൽഹി: ലണ്ടൻ ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധാനംചെയ്ത താരങ്ങൾ പ്രധാനമന്ത്രി മൻമോഹൻസിങ്, യു.പി.എ അധ്യക്ഷ സോണിയ ഗാന്ധി എന്നിവരുമായി കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ വസതിയിൽ നടന്ന ചടങ്ങിൽ കായിക മന്ത്രി അജയ്മാക്കനും പങ്കെടുത്തു. വെള്ളി മെഡൽ ജേതാക്കളായ ഷൂട്ടിങ് താരം വിജയ് കുമാർ, ഗുസ്തി താരം സുശീൽ കുമാർ, വെങ്കല മെഡൽ ജേതാക്കളായ ബോക്സർ എം.സി മേരി കോം, ബാഡ്മിൻറൺ താരം സൈന നെഹ്വാൾ, ഷൂട്ടിങ് താരം ഗഗൻ നാരംഗ്, ഗുസ്തി താരം യോഗേശ്വർ ദത്ത് എന്നിവരും, ഒളിമ്പിക് സംഘത്തിലെ മറ്റു അംഗങ്ങളും ഒളിമ്പിക് അസോസിയേഷൻ ആക്ടിങ് പ്രസിഡൻറ് വി.കെ മൽഹോത്ര, സെക്രട്ടറി ജനറൽ രൺദീർ സിങ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

മെഡൽ ജേതക്കൾ പ്രധാനമന്ത്രിയോടും സോണിയ ഗാന്ധിയോടുമൊപ്പം ഫോട്ടോക്ക് പോസ് ചെയ്തു. ബി.ജെ.പി നേതാവ് എൽ.കെ അദ്വാനിയെയും അദ്ദേഹത്തിൻെറ വസതിയിൽ ഇന്ത്യൻ ഒളിമ്പിക് സംഘം സന്ദർശിച്ചു.

ആസ്ട്രേലിയൻ ഓപൺ

## ദീപിക സെമിയിൽ

കാൻബറ: ചരിത്രം കുറിച്ച് ഇന്ത്യൻ സ്ക്വാഷ് താരം ദീപിക പള്ളിക്കൽ ആസ്ട്രേലിയൻ സക്വാഷ് ഓപണിൻെറ സെമിയിൽ കടന്നു. ഗോൾഡ് സീരീസ് മത്സരത്തിൻെറ സെമിഫൈനലിൽ കടക്കുന്ന ആദ്യ ഇന്ത്യൻ താരമാണ് ദിപിക പള്ളിക്കൽ.

അമേരിക്കൻ താരം അമന്ത സോബിയെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപിച്ചാണ് ദിപിക സെമിയിൽ പ്രവേശിച്ചത്. സ്കോർ: 11-5, 11-7, 12-10.

കഴിഞ്ഞ മത്സരത്തേക്കാൾ മികച്ച പ്രകടനം ഇത്തവണ പുറത്തെടുക്കാൻ സാധിച്ചുവെന്ന് മത്സരശേഷം ദീപിക പറഞ്ഞു. 'മത്സരം തുടങ്ങും മുമ്പ് വാം അംപ് നടത്താൻ പ്രത്യേകം ശ്രദ്ധിച്ചു. ആദ്യം രണ്ട് സെറ്റിലും 6-0, 6-1 എന്ന ക്രമത്തിൽ തുടക്കത്തിൽതന്നെ ലീഡ് നേടി. ഫ്രണ്ട് ഏരിയയിൽ നന്നായി കളിക്കാൻ അറിയുന്ന താരമാണ് എതിരാളി. അതിനാൽ കളിയുടെ തന്ത്രം മാറ്റുകയായിരുന്നു'. ദീപിക പറഞ്ഞു.

ഇംഗ്ലണ്ടിൻെറ ലോക നാലാം നമ്പർ താരം ലോറ മസാറോയുമായാണ് ദീപികയുടെ അടുത്ത മത്സരം.

## ടെസ്റ്റിലും ഐ.പി. എല്ലിലും തിളങ്ങണം -ദ്രാവിഡ്

ബംഗളൂരു: മികച്ച ക്രിക്കറ്റ് താരങ്ങൾക്ക് ടെസ്റ്റിലും ഐ.പി.എല്ലിലും ഒരു പോലെ തിളങ്ങാൻ സാധിക്കണമെന്ന് മുൻ ഇന്ത്യൻ ക്യാപ്റ്റൻ രാഹുൽ ദ്രാവിഡ്. രാജ്യത്തിന് വേണ്ടി ടെസ്റ്റിലും ഐ.പി.എല്ലിലും ഒരുപോലെ തിളങ്ങാൻ എന്താണ് മാർഗമെന്നറിയില്ല. രണ്ടിലും കളിക്കാർ മികച്ച ഫോം കണ്ടെത്തണമെന്ന് ആഗ്രഹിക്കുന്നു. കെവിൻ പീറ്റേഴ്സണും ക്രിസ് ഗെയ്ലും ടെസ്റ്റിലും ഐ.പി.എല്ലിലും മികച്ച ഫോം കണ്ടെത്തുന്നവരാണെന്നും രാഹുൽ ദ്രാവിഡ് പറഞ്ഞു.

## ലക്ഷ്മൺ വിരമിച്ചേക്കും

ന്യൂദൽഹി: ന്യൂസിലൻഡിനെതിരായുള്ള ടെസ്റ്റ് പരമ്പരക്ക് ശേഷം വി.വി.എസ് ലക്ഷ്മൺ വിരമിച്ചേക്കും. ഇത് സംബന്ധിച്ച് ലക്ഷ്മണിൻെറ പ്രഖ്യാപനം രണ്ടു ദിവസത്തിനുള്ളിൽ ഉണ്ടായേക്കും. 16 വർഷത്തെ കരിയറിനാണ് ലക്ഷ്മൺ വിരാമം കുറിക്കുന്നത്. ന്യൂസിലൻഡിനെതിരായ ടെസ്റ്റ് പരമ്പരക്ക് ആഗസ്റ്റ് 23ന് ഹൈദരാബാദിൽ തുടക്കമാകും.

## സിൻസിനാറ്റി: മറെ പുറത്ത്, ഫെഡറർ ക്വാർട്ടറിൽ

ഒഹിയോ: ഒളിമ്പിക് ചാമ്പ്യൻ ആൻഡി മറെക്ക് സിൻസിനാറ്റി ഓപ്പണിൽ തിരിച്ചടി. മൂന്നാം റൗണ്ടിൽ ഫ്രഞ്ച് താരം ജെറിമി ചാർഡിയോട് തോറ്റ് ഒളിമ്പിക് സ്വർണ്ണ മെഡൽ ജേതാവ് സിൻസിനാറ്റി ഓപ്പണിൽ നിന്ന് പുറത്തായി. സ്കോർ 6-4, 6-4.

ലോക ഒന്നാം നമ്പർ താരം റോജർ ഫെഡറർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ഡബ്ൾസിൽ ഇന്ത്യയുടെ മഹേഷ് ഭൂപതി-രോഹൻ ബൊപ്പണ്ണ സഖ്യവും ക്വാർട്ടറിൽ കടന്നു.

